**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 595** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ്പ് തുക ശമ്പളത്തിൽ നിന്നും നേരിട്ട് പിടിക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയ ശേഷം സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും എത്ര രൂപയാണ് ഈ പദ്ധതിയിലേക്ക് ഈടാക്കിയതെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയ ശേഷം സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും 1323.41 കോടി രൂപയാണ് പദ്ധതിയിലേക്ക് ഈടാക്കിയത്.** |
| (ബി) | മെഡിസെപ്പിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; കൂടുതൽ റീഇംപേഴ്സ്മെന്റ് സൗകര്യം ഏർപ്പെടുത്തുമോ; റീഇംപേഴ്സ്മെന്റിന് ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കുമോ; വിശദമാക്കുമോ; | (ബി) | മെഡിസെപ്പിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷുറൻസ് കമ്പനിയാണ്. ആശുപത്രി എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമായതിനാൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് നിർദ്ദേശം ഇൻഷുറൻസ് കമ്പനിയുമായി നടത്തുന്ന ദ്വൈവാര അവലോകന യോഗങ്ങളിൽ കമ്പനിക്ക് നിർദ്ദേശം നൽകുന്നുണ്ട്. ഇൻഷുറൻസ് കമ്പനിയുമായുള്ള ധാരണാപത്രം പ്രകാരം ഹൃദയാഘാതം, പക്ഷാഘാതം, വാഹനാപകടം എന്നീ അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ തേടുന്ന ചികിത്സകൾക്കാണ് ഇൻഷുറൻസ് കമ്പനി മെഡിസെപ് മുഖേനയുള്ള റീഇംപേഴ്സ്മെന്റ് അനുവദിക്കുന്നത്. റീഇംപേഴ്സ്മെന്റ് അപേക്ഷകൾ പരിശോധിച്ച് തുക അനുവദിക്കുന്നത് ഇൻഷുറൻസ് കമ്പനിയാണ് ആയതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നൽകാറുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ മുൻസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻനമ്പർ ലഭിച്ച ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് മെഡിസെപ്പ് തുക പിടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം | (സി) | മുൻസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോകുന്നവർക്ക് പെൻ നം. അനുവദിക്കാൻ കഴിയാത്തതിനാലാണ് അവർക്ക് ടെൻ നം. അനുവദിക്കുന്നത്. ടെൻ നം. ഉപയോഗിച്ച് SLI, GIS, MEDISEP പോലുള്ള നിർബന്ധിത |

| | | | |
|---|---|---|---|
| | തുക ഇ-ട്രഷറി വഴി ഡി.ഡി.ഒ. അടയ്ക്കേണ്ടതിനു പകരം ജീവനക്കാർ തന്നെ ട്രഷറിയിൽ മാസാമാസം ഒടുക്കുന്ന അവസ്ഥ നിർത്തലാക്കി ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിച്ച് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ഉണ്ടായിരിക്കുന്ന തടസ്സം വിശദമാക്കാമോ; | | പ്രതിമാസ കിഴിവുകൾ ഈടാക്കുന്നത് സംബന്ധിച്ച് 18/10/2022 -ലെ സ.ഉ.(അച്ചടി)നം. 128/2022/ധന ഉത്തരവ് പ്രകാരം ഡി.ഡി.ഒ. -മാർക്ക് നിർദ്ദേശം നൽകിയിരുന്നു. മേൽ ഉത്തരവ് പാലിച്ച് വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഏതൊക്കെ ശീർഷകങ്ങളിലേക്കാണ് കിഴിവ് നടത്തേണ്ടതെന്ന് ഡി.ഡി.ഒ. -മാർക്ക് 24/06/2022 സ.ഉ(അച്ചടി)നം.71/2022/ധന നമ്പർ ഉത്തരവിലും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് സ്പാർക്കിന്റെ സോഫ്റ്റ്‍വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി ഉണ്ടാകുമോ; | (ഡി) | പ്രസ്തുത ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് സ്പാർക്കിന്റെ സോഫ്റ്റ്‍വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതാണ്. |
| (ഇ) | ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ്പ് തുക ശമ്പളത്തിൽ നിന്നും നേരിട്ട് പിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | പ്രസ്തുത ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് സ്പാർക്കിന്റെ സോഫ്റ്റ്‍വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ